## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1462** — **03.10.2011-ൽ മറുപടിയ്ക്ക്**

### നൂറു ദിനത്തിൽ പൂർത്തിയാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. എ.എം. ആരിഫ്** | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി** |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും നൂറുദിനത്തിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്ത പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) യും (ബി) യും<br><br>മുഖ്യമന്ത്രിയുടെ ഓഫീസിനോടനുബന്ധിച്ച് 7 ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ രൂപീകരിച്ചു. കൂടാതെ ബി.പി.എൽ. കാർക്ക് 1 രൂപ നിരക്കിൽ 25 കിലോ അരി നൽകി, പച്ചക്കറി വിത്ത് കിറ്റ് വീടുകളിൽ വിതരണം ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൽസരിക്കാൻ ജോലി രാജിവെച്ച അങ്കൻവാടി അദ്ധ്യാപർക്കും ഹെൽപ്പർമാർക്കും പുനർ നിയമനം നൽകി, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ചു, വയനാട്ടിലെ ആദിവാസി അമ്മമാരുടെ പുനരധിവാസ നടപടികൾ, ഇ-മസ്റ്റർറോൾ സുതാര്യമാക്കി, കുട്ടനാട്ടിൽ നെല്ല് സംഭരിച്ചവരുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ അധികം അനുവദിച്ച് വിതരണം ചെയ്തു തുടങ്ങിയ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. നൂറു ദിനത്തിനുള്ളിൽ പൂർത്തീകരിച്ച പ്രവർത്തികളുടെ ജില്ല തിരിച്ചും വകുപ്പു തിരിച്ചുമുള്ള വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയെന്ന് ജില്ല തിരിച്ച്, വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ